**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **01-02-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അനിശ്ചിതമായി നീണ്ടു പോകുന്ന പ്രശ്നം പരിഹരിച്ച് പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രായോഗിക തടസ്സങ്ങൾ ഇല്ലാത്ത മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി മുഴുവൻ നിയോജക മണ്ഡലത്തിലേയും എം.എൽ.എമാർ, ജില്ലാകളക്ടർമാർ, നിർവ്വഹണ ഏജൻസികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, കിഫ്ബിയുടെ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ വിപുലമായ യോഗങ്ങൾ പൊതു- വിദ്യാഭ്യാസ വകുപ്പ് മന്ത്രി നേരിട്ട് വിളിച്ചു ചേർത്തിരുന്നു. നിർവ്വഹണ ഏജൻസികളുടെ ഭാഗത്തുനിന്നും കിഫ്ബിയുടെ ഭാഗത്തുനിന്നും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ ജില്ലാതലത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങ ജില്ലാകളക്ടർ യോഗം ചേർന്ന് തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിർമ്മാണത്തിന് KMBR/KPBR പ്രശ്നങ്ങളുള്ള സ്കൂളുകൾക്ക് ചട്ടങ്ങളിൽ പ്രത്യേക ഇളവ് ലഭിക്കുന്നതിന് അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. CRZ അനുമതി വേണ്ട സ്കൂളുകളുടെ കാര്യത്തിൽ അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന Kerala Coastal Zone Management Authority (KCZMA) യ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിന് റെയിൽവേ NOC വേണ്ട സ്ഥലങ്ങളിലും അനുമതി ലഭ്യമാകുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിലുള്ള പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട ഓഫീസു കളിൽ ഇത് സംബന്ധിച്ച തുടർ അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) | കിഫ്ബി അംഗീകാരം നല്കി വർഷങ്ങൾ കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കാനാകാത്തത് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യം ഒരുക്കുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കിഫ്ബി ധനസഹായത്തോടെ സ്കൂളുകളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രായോഗിക തടസ്സങ്ങൾ ഇല്ലാത്ത മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി മുഴുവൻ നിയോജക മണ്ഡലത്തിലേയും എം.എൽ.എമാർ, ജില്ലാകളക്ടർമാർ, നിർവ്വഹണ ഏജൻസികൾ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, കിഫ്ബിയുടെ ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ വിപുലമായ യോഗങ്ങൾ പൊതു- വിദ്യാഭ്യാസ വകുപ്പ് മന്ത്രി നേരിട്ട് വിളിച്ചു ചേർത്തിരുന്നു. നിർവ്വഹണ ഏജൻസികളുടെ ഭാഗത്തുനിന്നും കിഫ്ബിയുടെ ഭാഗത്തുനിന്നും സമയബന്ധിതമായി നടപടികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ജില്ലാകളക്ടർ യോഗം ചേർന്ന് തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിർമ്മാണത്തിന് KMBR/KPBR പ്രശ്നങ്ങളുള്ള സ്കൂളുകൾക്ക് ചട്ടങ്ങളിൽ പ്രത്യേക ഇളവ് ലഭിക്കുന്നതിന് അപേക്ഷയും ബന്ധപ്പെട്ട രേഖകളും സഹിതം തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. CRZ അനുമതി വേണ്ട സ്കൂളുകളുടെ കാര്യത്തിൽ അപേക്ഷ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന Kerala Coastal Zone Management Authority (KCZMA) യ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിന് റെയിൽവേ NOC വേണ്ട സ്ഥലങ്ങളിലും അനുമതി ലഭ്യമാകുന്നതിന് കത്ത് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണത്തിലുള്ള പ്രായോഗിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ബന്ധപ്പെട്ട ഓഫീസു കളിൽ ഇത് സംബന്ധിച്ച് തുടർ അന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | തിരൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന വിശദവിവരം ലഭ്യമാക്കാമോ? | (സി) | തിരൂർ നിയോജക മണ്ഡലത്തിലെ സ്കൂളുകളിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട GHSS കൽപ്പകഞ്ചേരി സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു. |

| | | | | |
|---|---|---|---|---|
| | | | | **3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതി പദ്ധതിയിലുൾപ്പെട്ട GBHSS തിരൂർ<br><br>സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>GHSS ഏഴൂർ സ്കൂളിന്റെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>GMUPS തിരൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.<br><br>GHSS പറവണ്ണ സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പു വച്ചു. പഴയ കെട്ടിടം പൊളിച്ചു മാറ്റിയാലുടൻ നിർമ്മാണം ആരംഭിക്കും.<br><br>GVHSS ഫോർ ഗേൾസ് തിരൂർ സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിച്ചു.<br><br>GHS ആദവനാട് സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിന് താമസംവിനാ സമർപ്പിക്കുന്നതാണ്.<br><br>GHSS ആദവനാട് സ്കൂളിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് എഗ്രിമെന്റ് ഒപ്പു വച്ചു. പഴയ കെട്ടിടം പൊളിച്ചു മാറ്റി നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.<br><br>GMHSS കരിപ്പോൾ സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>ജി. എം.യു.പി.എസ്. ബി.പി.അങ്ങാടി സ്കൂളിന്റെ DPR അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Project Execution Document കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ